# മൂവാറ്റുപുഴ മത്സ്യ മാർക്കറ്റ് അടച്ചു



കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പുളിഞ്ചോട് മത്സ്യ മാർക്കറ്റ് അടച്ചു. മൂവാറ്റുപുഴ നഗരസഭ പരിധിയിലാണ് മാർക്കറ്റ് പ്രവർത്തിക്കുന്നത്. പൂർണമായി കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ച പായിപ്ര പഞ്ചായത്തിന്റെ അതിർത്തി പ്രദേശവും കൂടിയാണ് ഇവിടം. പുളിഞ്ചോട് മത്സ്യ മാർക്കറ്റിൽ ദിവസേന മത്സ്യം വാങ്ങുന്നതിനായി വൈകിട്ട് മുതൽ എറണാകുളം ജില്ലയിൽ നിന്നുള്ള മത്സ്യ വ്യാപാരികൾ കൂടാതെ കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നുമുള്ള അയിരക്കണക്കിന് ആളുകളാണ് തടിച്ചു കൂടുന്നത്. ദിനംപ്രതി നിരവധി കോവിഡ് പോസിറ്റീവ് കേസുകളാണ് മൂവാറ്റുപുഴ പരിസര ഭാഗങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഇതെല്ലം പരിഗണിച്ചാണ് മാർക്കറ്റ് അടച്ചു പൂട്ടിയതെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് അറിയിച്ചു.